പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2309 06/10/2016 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. പി.ടി.തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്ത് 1966- 88 കാലഘട്ടത്തിൽ 500 ൽ പരം വില്ലേജുകളുടെ റീസർവ്വേ നടപടികൾ അവസാന ഘട്ടത്തിൽ എത്തിയെങ്കിലും റീസർവ്വേ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന സർവ്വേ ജീവനക്കാരെ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വേ ജോലികൾക്കായി വിവിധ സമയങ്ങളിൽ നിയോഗിക്കേണ്ടി വന്നതിനാൽ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെ വന്നു. തുടർന്ന് ടി വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ 1994 കാലയളവിൽ റവന്യൂ ഭരണത്തിന് കൈമാറിയെങ്കിലും ഭൂമിയുടെ ഇക്കാലയളവിലുണ്ടായ ക്രയവിക്രയങ്ങളും ഉടമസ്ഥാവകാശത്തിലുണ്ടായ മാറ്റങ്ങളും റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ ധാരാളം പരാതികൾ ഉണ്ടാവുകയും പരാതി പരിഹാരത്തിനായി വിവിധ കാലയളവുകളിൽ ഏകമാസ, ഏകദിന, ജനകീയ സർവ്വേ അദാലത്തുകളും, തുടർന്ന് താലൂക്ക് തലത്തിൽ അഡീഷണൽ തഹസീൽദാർമാരുടെ നിയന്ത്രണത്തിൽ നിലവിൽ എൽ.ആർ.എം. സംവിധാനവും പരാതി പരിഹാരത്തിനായി പ്രവർത്തിച്ചു വരുന്നു. എൽ.ആർ.എം. സംവിധാനത്തിൽ റീസർവ്വേയിൽ നിന്നുള്ള 500-ൽപ്പരം ജീവനക്കാരെ നിയമിച്ചിട്ടുള്ളത് റീസർവ്വേ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ടി കാലഘട്ടങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റു സ്പെഷ്യൽ സർവ്വേ ജോലികൾക്കും സർവ്വേ ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതിനാൽ റീസർവ്വേ നടപടികൾക്ക് കാലതാമസമുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ